ജെ5 -6763/2017

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 22.06.2017

## സർക്കുലർ

വിഷയം:- പഞ്ചായത്ത് വകുപ്പ്-ഗ്രാമപഞ്ചായത്തുകളുടെപരിധിയിൽ നടക്കുന്ന വിവാഹങ്ങളിൽ ഗ്രീൻപ്രോട്ടോകോൾ നടപ്പിലാക്കുന്നത് -സംബന്ധിച്ച്.

സൂചന : ശുചിത്വ മിഷൻ എക്സി: ഡയറക്ടറുടെ 19/5/2017 ലെ 2997/ഇ/2016/എസ്.എം. നമ്പർ കത്ത്.

ശുചിത്വ മിഷന്റെ ഗ്രീൻ പ്രോട്ടോകോൾ ആശയപ്രകാരം സംസ്ഥാനത്ത് വിവാഹങ്ങൾ പ്രകൃതി സൗഹൃദമായി നടത്തപ്പെട്ടു വരുന്നുണ്ട്. ഇത്തരത്തിൽ ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ സജ്ജീകരിച്ചും, അലങ്കാരങ്ങൾക്ക് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചു കൊണ്ടും, ആഹാരം പാഴാക്കാതെയും വിവാഹങ്ങൾ നടത്തപ്പെടുന്നത് മാലിന്യം രൂപപ്പെടുത്തുന്നതിന്റെ തോതിൽ വലിയൊരളവ് കുറവ് വരുത്തുന്നു. ഒപ്പം പുതുതലമുറയ്ക്ക് പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെ ബോദ്ധ്യപ്പെടുത്തുന്നതിനും ഇതിലൂടെ സാധിക്കും. മാലിന്യം ഉത്പാദിപ്പിച്ചിട്ട് അത് സംസ്ക്കരിക്കുന്നതിനുള്ള പോംവഴി അന്വേഷിച്ച് നടക്കാതെ മാലിന്യ ഉല്പാദനം കുറയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

മേൽ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ പരിധിയിൽ നടത്തുന്ന എല്ലാ വിവാഹങ്ങളും ശുചിത്വ മിഷന്റെ ഗ്രീൻ പ്രോട്ടോകോൾ പ്രകാരം നടത്തുന്നുവെന്ന് ഗ്രാമ പഞ്ചായത്തുകൾ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഗ്രാമ പഞ്ചായത്തുകളുടെ പരിധിയിലുള്ള എല്ലാ ആഡിറ്റോറിയങ്ങളിലും കൺവെൻഷൻ സെന്ററുകളിലും ആരാധനാലയങ്ങളിലും സ്ക്കൂളുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ ബാധകമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഹോസ്റ്റലുകൾ ഉൾപ്പെടെ.)

## ഗ്രീൻ പ്രോട്ടോകോൾ തത്വങ്ങൾ

1) നിത്യ ജീവിതത്തിൽ നിന്ന് എല്ലാത്തരം (പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെ ) ഡിസ്പോസബിൾ സാധനങ്ങളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക.

2) ഡിസ്പോസബിൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുക.(സ്റ്റീൽ, ചില്ല് തുടങ്ങിയവ)

3) നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും മേൽ വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്യുക.

4) ജൈവ-അജൈവ മാലിന്യങ്ങൾ പ്രത്യേകം തരംതിരിക്കുക

5) ജൈവമാലിന്യം കമ്പോസ്റ്റിങ്ങിലൂടെ വളമാക്കുകയോ /ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക.

6) അജൈവ വസ്തുക്കൾ പ്രത്യേകം തരംതിരിച്ച് വൃത്തിയാക്കി, ഉണക്കി സൂക്ഷിക്കേണ്ടതും ആയത് നിശ്ചിത അളവാകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ പാഴ്‌വസ്തു വ്യാപാരികൾക്കോ പുനഃചംക്രമണത്തിനായി കൈമാറുകയും ചെയ്യുക.

7) ഇ-മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സൂക്ഷിക്കേണ്ടതും ആയത് ശേഖരിക്കുന്ന പാഴ്‌വസ്തു വ്യാപാരികൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ യഥാസമയം കൈമാറേണ്ടതുമാണ്.

8) ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതും, തുണിയിലോ, ചണത്തിലോ, പേപ്പറിലോ നിർമ്മിച്ച പ്രകൃതിക്കിണങ്ങുന്ന സഞ്ചികൾ സാധനം വാങ്ങാൻ പോകുമ്പോൾ ആവശ്യാനുസരണം കൈയ്യിൽ കരുതുകയും ചെയ്യുക. സാധനങ്ങൾ പരമാവധി ഒരുമിച്ച് വാങ്ങാൻ ശ്രമിക്കേണ്ടതുണ്ട്.

9) ആഹാര വസ്തുക്കൾ പാഴ്സലായി വാങ്ങുന്നതിന് കടകളിൽ പോകുമ്പോൾ പ്രകൃതി സൗഹൃദ പാത്രങ്ങൾ ആവശ്യനുസരണം കൈയ്യിൽ കരുതുകയും ചെയ്യുക.

10) അപകടകരമായ മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം ഒഴിവാക്കേണ്ടതും ആയത് പ്രത്യേകം വൃത്തിയാക്കി സൂക്ഷിക്കേണ്ടതും പുനഃചംക്രമണത്തിനായി അത് ശേഖരിക്കുന്ന വ്യക്തികൾക്കോ സ്ഥാപനത്തിനോ നൽകേണ്ടതാണ്.

11) ഫ്ളക്സുകൾക്ക് പകരം തുണിയിൽ നിർമ്മിച്ച ബാനറുകൾ ഉപയോഗിക്കുക.

വി.രതീശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

1) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
3) എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡി.ഡി.പി. മുഖേന)
4) കരുതൽ/അധികം
5. website.

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്